<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827</u>** **<u>05-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഡ്രൈവർമാരെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ആലപ്പുഴ ജില്ലയിലെ മറ്റ് ഡിപ്പോകളിലേക്ക് മാറ്റിയിട്ടുള്ളത്; | (എ) | **ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 6 ഡ്രൈവർമാരെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം മാറ്റിയത്.** |
| (ബി) | കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഹരിപ്പാട് ഡിപ്പോയിൽ നിന്നും വെട്ടിക്കുറച്ചിട്ടുള്ള സർവ്വീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 1. 05.15 ആയാപറമ്പ്<br><br>2. 08.00 വഴുതാനം<br><br>3. 05.50 കരുനാഗപ്പള്ളി<br><br>4. 06.30 ഓച്ചിറ എന്നീ സർവ്വീസുകളാണ് കോവിഡ് പശ്ചാത്തലത്തിൽ നിന്നു പോയിട്ടുള്ളത്.<br><br>ഹരിപ്പാട് യൂണിറ്റിൽ നിന്നും വളരെക്കാലമായി ഓപ്പറേറ്റ് ചെയ്തിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസാണ് 05.15 ഹരിപ്പാട്-ആയപറമ്പ്.<br><br>05.15 ഹരിപ്പാട് – ആയാപറമ്പ് കടവ്<br>05.35ആയാപറമ്പ് കടവ് -തിരുവനന്തപുരം<br><br>08.45 തിരുവനന്തപുരം - എറണാകുളം 17.15 എറണാകുളം – ഹരിപ്പാട് എന്ന രീതിയിൽ ക്രമീകരിക്കപ്പെട്ടിരുന്ന ട്രിപ്പുകളിൽ 05.15 ഹരിപ്പാട് – ആയാപറമ്പ് ട്രിപ്പിന് മിക്ക ദിവസങ്ങളിലും യാത്രക്കാർ ഉണ്ടായിരുന്നില്ല. ആയാപറമ്പ് – തിരുവനന്തപുരം ട്രിപ്പിൽ ആയാപറമ്പ് മുതൽ ഹരിപ്പാട് വരെയുള്ള ഭാഗത്ത് നിന്നും സീറ്റിംഗ് കപ്പാസിറ്റിയുടെ പകുതിയോളം പേർ മാത്രമേ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ഉണ്ടാകാറുള്ളൂ. തുടർന്ന് ഹൈവേയിൽ നിന്നുള്ള യാത്രാക്കാരാണ് ഈ സർവ്വീസിനെ നിലനിർത്തിയിരുന്നത്. |
| (സി) | ആയാപറമ്പ് - വടക്കേക്കര തെക്ക് ബസ് സർവ്വീസ് നിറുത്തലാക്കിയതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന യാത്രാപ്രതിസന്ധി സർക്കാരിന്റെ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യും തദ്ദേശ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റൂട്ടിൽ അടിയന്തിരമായി സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | സ്വയംഭരണ സ്ഥാപനങ്ങളുമായി ചെലവ് പങ്ക് വച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ